ഉത്തരം

(എ) കേരള വാട്ടർ അതോറിറ്റിയിൽ മീറ്റർ റീഡർമാർ മുഖേനയാണ് റീഡിംഗ് എടുക്കുന്നത്. കണക്ഷനുകളുടെ എണ്ണത്തിന് ആനുപാതികമായി മീറ്റർ റീഡർമാർ നിലവിലില്ലാത്ത സബ്ഡിവിഷനുകളുടെകീഴിൽ കുടുംബശ്രീ മുഖേനയും മീറ്റർ റീഡിംഗ് എടുത്തുവരുന്നു. ഈ രീതിയിൽ മീറ്റർ റീഡിംഗ് എടുക്കുന്നതിൽ ഒരു നിശ്ചിത ശതമാനം മീറ്റർ ഇൻസ്പെക്ടർമാർ പരിശോധിക്കുകയും ഒരു നിശ്ചിത ശതമാനം അസിസ്റ്റന്റ് എഞ്ചിനീർമാർ മേൽ പരിശോധന (കൗണ്ടർ ചെക്ക്) നടത്തുകയും ചെയ്യാറുണ്ട്.

(ബി) ഓരോ പ്രദേശത്തെയും സാഹചര്യത്തിനനുസരിച്ചും മീറ്റർ റീഡർമാരുടെ ലഭ്യതയ്ക്കനുസരിച്ചും വിവിധ ഡിവിഷനുകളുടെകീഴിൽ വ്യത്യസ്ത ഇവടേളയിലാണ് മീറ്റർ റീഡിംഗ് എടുക്കുന്നത്. സാധാരണ ഗതിയിൽ നഗര പ്രദേശങ്ങളിൽ ദ്വൈമാസ റീഡിംഗും ഗ്രാമപ്രദേശങ്ങളിൽ ആറ് മാസത്തിൽ ഒരിക്കലുമാണ് റീഡിംഗ് എടുക്കുന്നത്.

(സി) അതെ

(ഡി) വയനാട് ജില്ലയിൽ കൽപ്പറ്റ മുനിസിപ്പൽ പ്രദേശത്ത് നിലവിലുള്ള കണക്ഷനുകൾ ഒഴികെ മറ്റുഭൂരിഭാഗം കണക്ഷനുകളും വിവിധ ഗ്രാമപ്രദേശങ്ങളിലായി ചിതറി കിടക്കുകയാണ്. ഈ പ്രത്യേക സാഹചര്യത്തിൽ ആറ് മാസത്തിൽ കുറവായിട്ടുള്ള ഒരു കാലയളവിൽ റീഡിംഗ് എടുക്കുന്നത് അപ്രായോഗികവും അതോറിറ്റിക്ക് സാമ്പത്തിക ബുദ്ധിമുട്ടും ഉളവാക്കും. ആയതിനാൽ ജില്ലയിൽ പൊതുവേ ആറ് മാസത്തിലൊരിക്കൽ റീഡിംഗ് എടുക്കുന്ന രീതിയാണ് അവലംബിക്കുന്നത്.

(ഇ) സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ആറ് മാസത്തിലൊരിക്കൽ റീഡിംഗ് എടുക്കുന്ന സംവിധാനം നിലവിലുണ്ട്.

(എഫ്) ഇല്ല.

(ജി) ഇപ്പോൾ പരിഗണനയിലില്ല.

കേരള വാട്ടർ അതോറിറ്റിയിൽ ആരംഭിച്ച ഹെൽപ്പ് ഡെസക്കുകൾ

154 (1882) ശ്രീ. എൻ. രാജൻ :
ശ്രീ. കെ. അജിത് :
ശ്രീ. രാജാജി മാത്യു തോമസ് :
ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള വാട്ടർ അതോറിറ്റിയിൽ എത്ര ഹെൽപ്പ് ഡെസ്ക്കുകൾ ആരംഭിച്ചെന്നും അവയിൽ എത്ര എണ്ണം ഇപ്പോൾ ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ടെന്നും വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത ഹെൽപ്പ് ഡെസ്ക്കുകളിലൂടെ ഉപഭോക്താക്കൾക്ക് എന്തെല്ലാം സഹായങ്ങളാണ് വിഭാവനം ചെയ്തിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(സി) വാട്ടർ അതോറിറ്റിയിൽ ഇലക്ട്രിക്കൽ വിംഗ് രൂപീകരിച്ചിട്ടുണ്ടോ ; ചെലവ് കുറയ്ക്കലിന്റെ ഭാഗമായി വൈദ്യുതി ഉപഭോഗം കുറയ്ക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ) കേരള വാട്ടർ അതോറിറ്റിയിൽ ആരംഭിച്ച 71 ഹെൽപ്പ് ഡെസ്കുകളും ഇപ്പോൾ ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ട്.

(ബി) ഉപഭോക്താക്കളുടേയും പൊതുജനങ്ങളുടേയും പരാതികൾ പരിഹരിക്കപ്പെടുന്നതിന് ആവശ്യമായ സഹായങ്ങൾ, സംശയ നിവാരണത്തിന് എത്തുന്നവർക്ക് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുകയുമാണ് ഹെൽപ്പ് ഡെസ്കുകളുടെ ചുമതലയിൽ ഉള്ളത്.

(സി) ഉണ്ട്. 15 വർഷത്തിനുമേൽ പഴക്കമുള്ള മോട്ടോർ പമ്പ്സെറ്റുകൾ മാറ്റിസ്ഥാപിക്കുന്നതിനായി നബാർഡിന്റെ സഹായത്തോടുകൂടി പദ്ധതി ആവിഷ്ക്കരിച്ച് നടപടിക്രമങ്ങൾ പൂർത്തിയായി വരുന്നു. കപ്പാസിറ്ററുകൾ സ്ഥാപിക്കാനുള്ള നടപടികളും തുടർന്നുവരുന്നു. വൈദ്യുതി ഉപഭോഗം കുറയ്ക്കുന്നതനായുള്ള ഉപകരണങ്ങൾ മാറ്റിസ്ഥാപിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ ജീവനക്കാർക്ക് ആവശ്യമായ ട്രെയിനിംഗ് നൽകുന്നതിനും നിർദ്ദേശങ്ങൾ നൽകുന്നതിനുമായി വിദഗ്ദ്ധർ അടങ്ങിയ ഒരു കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്.

കേരള വാട്ടർ അതോറിറ്റി ജീവനക്കാരുടെ പെൻഷൻ

155 (1883) ശ്രീ. ജോർജ് മേഴ്സിയർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള വാട്ടർ അതോറിറ്റിയിൽ നിലവിൽ എത്ര പെൻഷൻകാരും ഫാമിലി പെൻഷൻ ലഭിക്കുന്നവരും ഉണ്ടെന്ന് അറിയിക്കുമോ. ;

(ബി) 2011 മാർച്ച് 31-ന് കെ.ഡബ്ല്യു.എ.-യിൽ എത്ര ജീവനക്കാർ വിരമിക്കുമെന്ന് അറിയിക്കുമോ ;

(സി) 2010 ജനുവരി മുതൽ 2011 ജനുവരി വരെ എത്ര കോടി രൂപ കെ.ഡബ്ല്യു.എ. പെൻഷൻ വകയിൽ പ്രതിമാസം ചെലവഴിച്ചു എന്ന് അറിയിക്കുമോ ;

(ഡി) നിലവിൽ കെ.ഡബ്ല്യു.എ.-യിൽ ടൈപ്പിസ്റ്റ് തസ്തികയിൽ എത്ര ഒഴിവുകളുണ്ടെന്ന് അറിയിക്കുമോ ;

(ഇ) 2011 മാർച്ച് 31-ന് ടൈപ്പിസ്റ്റ് തസ്തികയിൽ നിന്ന് എത്രപേർ വിരമിക്കുമെന്ന് അറിയിക്കുമോ ;

(എഫ്) കെ.ഡബ്ല്യു.എ. ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ എത്ര ഒഴിവുകൾ ഇപ്പോൾ നിലവിലുണ്ടെന്ന് അറിയിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly